പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4886 — 14/11/2019-ൽ മറുപടിക്ക്

## എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട്

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം: | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 26-06-19-ലെ 73/2019, 08-08-2019 ലെ 118/2019, 20-08-2019 ലെ 128/2019 നമ്പർ ഉത്തരവുകൾ പി.എസ്.സി. അംഗീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | ബാധകമല്ല. |
| (സി) കഴിഞ്ഞ ഏഴ് വർഷമായി നിലനില്ക്കുന്ന എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് യോഗ്യതയുമായി ബന്ധപ്പെട്ട ആശയക്കുഴപ്പം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br><br>(ഡി) നിലവിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത വ്യക്തമാക്കാമോ; | (സി) യും (ഡി) യും | കെ ഇ ആർ അധ്യായം XXXI റൂൾ 2 (2) (എ) പ്രകാരം ബന്ധപ്പെട്ട വിഷയത്തിലെ ബിരുദവും ബി.എഡുമാണ് എച്ച്.എസ്.എ കോർ വിഷയങ്ങളിലെ നിയമനങ്ങൾക്കുള്ള യോഗ്യത. കൂടാതെ കെ - ടെറ്റ് യോഗ്യത നേടിയിരിക്കണം. ഡിഗ്രിയ്ക്ക് ഫിസിക്സ് മെയിൻ സബ്ജക്റ്റിനോടൊപ്പം കെമിസ്ട്രിയും കെമിസ്ട്രിയോടൊപ്പം ഫിസിക്സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദേശം സർക്കാർ നല്കിയിരുന്നില്ലെങ്കിലും ബഹു: KAT ന്റെ O.A No.370/12 മേലുള്ള 19.06.12 ലെ വിധിയെ തുടർന്ന് പി എസ് സി ടി വ്യവസ്ഥ പിന്തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയത്തിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് വാങ്ങി |

പരിശോധിക്കുകയുണ്ടായി.
ഫിസിക്സ്/കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദ തലത്തിൽ മുഖ്യ വിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ് സിഡിയറി വിഷയമായും പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച് എസ് എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിച്ചാൽ മതിയെന്ന് എസ്.സി.ഇ.ആർ.ടി യുടെ കരിക്കുലം സബ് കമ്മിറ്റി ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 06.06.19 ലെ സ.ഉ (കൈ) നമ്പർ.58/19/പൊ.വി.വ പ്രകാരം ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 06/06/19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26/06/19 ലെ സ.ഉ (കൈ) നം.73/19/പൊവിവ പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 06-06-19 വരെ ഫിസിക്സ്/ കെമിസ്ട്രി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ ഇ ആർ അധ്യായം XIV എ റൂൾ 43, 51എ, 51ബി അവകാശികളെയും മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും പിന്നീട് ഒഴിവാക്കുകയുണ്ടായി.

| | | |
|---|---|---|
| (ഇ) | സർക്കാർ സർവ്വീസിൽ ഒരു തസ്തികയിലേക്കുള്ള നിയമനത്തിന് വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ | (ഇ) ഒരു തസ്തികയിലേക്കുള്ള നിയമനത്തിന് പ്രായപരിധി വിദ്യാഭ്യാസ യോഗ്യത എന്നിവ നിശ്ചയിക്കുന്നത് ടി തസ്തികയ്ക്ക്, ആ |

| | |
|---|---|
| നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനാണോ അതോ പി.എസ്.സി. ക്കാണോ ഉള്ളതെന്ന കാര്യം വ്യക്തമാക്കാമോ? | വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായിട്ടാണ്. |

സെക്ഷൻ ഓഫീസർ